HON'BLE MR. A. THANU PILLAI : (എ) ഫാക്ടറ്റ്.

(ബി) ഇടപ്പള്ളിയിൽ, ഗാർഹികാവശ്യങ്ങൾക്ക് ഇലക്ട്രിക് കണക്ഷൻ വേണമെന്ന അപേക്ഷിച്ചവർക്ക് അതനുസരിച്ച് കൊടുത്തിട്ടുണ്ട്. അല്ലാതെ സ്വാധീനശക്തിയെ അടിസ്ഥാനമാക്കിയല്ല. വ്യാവസായികമായ ആവശ്യങ്ങൾക്കും വില്ലേജ് അപ്ലിഫ്റ്റിന്റെ ജോലിക്കും ഇലക്ട്രിസിറ്റി കൊടുക്കാൻ ഇടയാകാത്തത്, ലൈൻ നീട്ടുന്നതിനുള്ള സാമഗ്രികളുടെ ഇല്ലായ്മകൊണ്ടു മാത്രമാണ്.

(സി) ഫാക്ടറ്റിന്റെ വീടുകളിൽ വൈദ്യുതി ഫ്രീ ആയിട്ടാണ് കൊടുക്കുന്നത്.

(ഡി) ആ റോഡിൽ കുറെ ദൂരത്തിൽ ആവശ്യക്കാരുണ്ടെങ്കിൽ ലൈൻ നീട്ടിയിട്ടുണ്ട്. അതിനപ്പുറം നീട്ടാത്തത് ആ സ്ഥലത്തു ആവശ്യക്കാരില്ലാതിരുന്നതിനാലാണ്.

(ഇ) ലൈൻ മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടാണ്.

(എഫ്) അതും ലൈൻ മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടു തന്നെയാണ്.

MR. C. NARAYANA PILLAI : ഹൗസ് കണക്ഷൻ ആവശ്യപ്പെട്ടാൽ കൂടുതലായി ലൈൻ നീട്ടുന്നതിനു തടസ്സമില്ലെങ്കിൽ, കൊടുക്കാമോ?

HON'BLE MR. A. THANU PILLAI : കൊടുക്കും.

കൃഷിഡിപ്പാർട്ടുമെന്റ്.

72. MR. C. NARAYANA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

തെങ്ങിൻവേരുകളെ ബാധിക്കുന്ന രോഗം ഇടപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും ധാരാളമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിനറിയാമോ?

അതിനെ തടയുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ഉടനെ സ്വീകരിക്കുവാൻ കൃഷിഡിപ്പാർട്ടുമെന്റിനു വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

HON'BLE MR. A. THANU PILLAI : അറിയാം. ആ രോഗങ്ങളുടെ നിവാരണത്തിനു വേണ്ട നടപടികൾ എടുത്തു, നിർദ്ദേശങ്ങൾ നൽകിവരികയാണ്.

MR. C. NARAYANA PILLAI : ആ നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടിയുള്ള അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : ഇപ്പോൾ ഈ രോഗത്തെപ്പറ്റി അതായത് തെങ്ങിന്റെ രോഗത്തെപ്പറ്റി അന്വേഷിക്കുന്നത് ഇൻഡ്യാ ഗവണ്മെൻറ് ആഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലാണ്. അതിനുള്ള അന്വേഷണങ്ങൾ നടത്തിവരികയാണ്. അതിനോട് സഹകരിക്കുകയാണെങ്കിൽ ഈ വക ജോലികൾ കൂടുതൽ ഫലപ്രദവും പ്രായോഗികവും ആയിരിക്കും.

MR. P. T. CHACKO : വല്ല പരിഹാരമാർഗ്ഗങ്ങളും ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ളത് ഇതൊക്കെയാണ്. കാലാകാലങ്ങളിൽ, പുരയിടം കിളച്ച്, തറ കട്ട പിടിച്ചുപോകാതെ ഇളക്കിയിടുക, മഴ കഴിഞ്ഞാൽ വേനലിനു മുമ്പായിട്ട മണ്ണ് കൂട്ടിയിടുക, പച്ചിലവളം വേണ്ടത്ര മണ്ണോട് കലർത്തിയിടുക, ധാരാളമായി ഓർഗാനിക്ക് വളങ്ങൾ അതായത്, പുണ്ണാക്ക്, എല്ലുപൊടി, മീൻപൊടി, ഇവ വേണ്ടതുപോലെ കലർത്തി ഇടുക, പറ്റെ, ദീനം പിടിച്ചുപടാത്ത, അതായത് ദീനത്തെ തടഞ്ഞുനിറുത്താൻ തക്ക ശേഷിയുള്ള ഉറച്ച വിത്തുകൾ പാകുക, ബോട്ടോ മിക്സ്ചർ ദീനം ബാധിച്ചിട്ടുള്ള വൃക്ഷങ്ങളുടെ മുകളിൽ സ്പ്രേ ചെയ്യുക മുതലായവ.

MR. P. T. CHACKO : ഗവണ്മെൻറുവക കൃഷിത്തോട്ടത്തിലും വൃക്ഷങ്ങൾക്ക് ഈ രോഗം പിടിപെട്ടിട്ടുണ്ടെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറ് തോട്ടമായതുകൊണ്ട് ദീനം പിടിപെട്ടുകൂടെന്നില്ല.

MR. P. T. CHACKO : അപ്പോൾ ഈ വക പരീക്ഷണങ്ങൾ ഫലപ്രദമല്ലെന്നറിയാമോ?

HON'BLE MR. A. THANU PILLAI : അത് രോഗങ്ങളുടെ കാഠിന്യമനുസരിച്ചിരിക്കും. എങ്കിലും മിക്കവാറും രോഗങ്ങൾക്കൊക്കെ പരിഹാരം ഇതുകൊണ്ടുണ്ടാകും.

കൃഷിയായുധങ്ങൾ.

73. MR. C. NARAYANA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

വില്ലേജ് യൂണിയൻ വഴിയായോ മറ്റുവിധത്തിലോ കൃഷിയായുധങ്ങൾ ഇടപ്പള്ളിയിലും പ്രചരിപ്പിക്കുവാൻ കൃഷിഡിപ്പാർട്ടുമെൻറിനോടാജ്ഞാപിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly